# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2387 23-01-2014 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി ഏജൻസി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | ഭാഗ്യക്കുറി ഏജൻസി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | എ) | ഭാഗ്യക്കുറി ഏജൻസി ലഭിക്കുന്നതിനായി 200/- രൂപ ഫീസ് ഒടുക്കി Form No.II-വിൽ അപേക്ഷ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയ്ക്കൊപ്പം വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, രണ്ട് ഫോട്ടോ എന്നിവയും ഹാജരാക്കേണ്ടതാണ്. |
| ബി) | നിലവിൽ ഏജൻസി എടുക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ; | ബി) | കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികൾ നിലവിലുള്ള ഏജന്റുമാർക്ക് നൽകാൻ തികയാത്ത സാഹചര്യത്തിൽ പുതിയ ഏജൻസി അനുവദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| സി) | നിലവിൽ പ്രിന്റ് ചെയ്യുന്ന ലോട്ടറി ടിക്കറ്റുകളുടെ വിശദ വിവരം ലഭ്യമാക്കുമോ ? | സി) | 20/-രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻ-വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 5 സീരിസിലായി ഓരോ നറുക്കെടുപ്പിലും 45 ലക്ഷം ടിക്കറ്റുകൾ വീതവും, 50/-രൂപ മുഖവിലയുള്ള കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയുടെ |

27.5 ലക്ഷം ടിക്കറ്റുകളും, 40/-രൂപ മുഖവിലയു

ള്ള ധനശ്രീ, പ്രതീക്ഷ എന്നീ ഭാഗ്യക്കുറികൾ 5 പര

മ്പരകളിലായി ഓരോ നറുക്കെടുപ്പിലും 27.5

ലക്ഷം ടിക്കറ്റുകൾ വീതവും നിലവിൽ അച്ചടിച്ചു

വരുന്നു. കൂടാതെ 30-50 ലക്ഷം വരെ 6 ബമ്പർ

ഭാഗ്യക്കുറികളും അച്ചടിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ